**വനം വിജിലൻസ് അന്വേഷണം**

146 (452) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് 24-10-2020-ന് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന അനധികൃത മരം മുറിക്കലിനെക്കുറിച്ച് വനം വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഉത്തരവിനെത്തുടർന്ന് അനധികൃതമായി മുറിച്ച് മാറ്റിയ ഈട്ടി മരങ്ങളുടെ എണ്ണം വിജിലൻസ് വിഭാഗം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പാലക്കാട് മണ്ണാർക്കാട് റേഞ്ചിൽ നിന്ന് 4000 മരങ്ങളും അഗളി റേഞ്ചിൽ നിന്നും 3500 മരങ്ങളും മുറിച്ച് കടത്തി എന്ന റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ വനം വിജിലൻസ് വിഭാഗം കണക്കുകൾ കുറച്ചുകാണിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി-ഡി) വനം വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 11-3-2020 തീയതി മുതൽ 10-6-2021 തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ LA പട്ടയ ഭൂമികളിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമായ 2248 തേക്ക് മരങ്ങളും (Volume-1612.121 M3), 171 ഈട്ടി മരങ്ങളും (Volume-327.584 M3) അനധികൃതമായി മുറിച്ച് നീക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. മരം മുറി സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly